സെക്രട്ടേറിയറ്റ് ഐ.ടി. വകുപ്പിൽ ഇലക്ട്രോണിക് ഭരണ സംവിധാനമായ ഡി.ഡി.എഫ്.എസ്. ഏർപ്പെടുത്തി. ഭരണരംഗത്ത് സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സർക്കാരിന്റെ സ്വന്തം ഇ-മെയിൽ സംവിധാനം, ഗ്രാമപ്രദേശങ്ങളിൽ G2C, B2C, G2G സേവനങ്ങൾ എത്തിക്കുന്നതിന് അക്ഷയ പദ്ധതി, ഇ-പേയ്മെന്റ് മലയാളം കമ്പ്യൂട്ടിംഗ്, ഇ-കൃഷി, റെയിൽവേ ടിക്കറ്റിംഗ്, ഇ-ഡിസ്ട്രിക്ട് പദ്ധതി, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, ഉദ്യോഗസ്ഥരുടെ സർവ്വീസ് വിവരങ്ങൾ അടങ്ങുന്ന SPARK പദ്ധതി, പേയൽ ട്രാക്കിംഗ് സംവിധാനമായ IDEAS എന്നിവ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി, എം-ഗവേണൻസ് പദ്ധതി, ഓൺ ലൈൻ ആപ്ലിക്കേഷൻ ഏർപ്പെടുത്തുന്നതിന് സർവ്വീസ് ഡെലിവറി ഗേറ്റ് വേ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ദേശീയ ജൈവ വൈവിധ്യ കോൺഗ്രസ്സ്

6 (2457) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. എം. ദിനേശ്മണി :
ശ്രീ. പി. വിശ്വൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്ത അന്താരാഷ്ട്ര ജൈവവൈവിധ്യ വർഷാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിൽ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത് ;

(ബി) ജൈവവൈവിധ്യ നിയമത്തിലെ പോരായ്മകൾ പരിഹരിക്കുന്നത് സംബന്ധിച്ച് കോൺഗ്രസ്സിലെ നിർദ്ദേശം വ്യക്തമാക്കുമോ ;

(സി) തീരദേശ നിയന്ത്രണ നിയമത്തിന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ വിനോദസഞ്ചാരത്തിനും വ്യവസായങ്ങൾക്കും വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് സമ്മേളനത്തിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ഡി) ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യം പാഠ്യവിഷയമാക്കാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2010 ഡിസംബർ 27 മുതൽ 31 വരെ തിരുവനന്തപുരത്ത് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽവച്ചു നടന്ന പ്രഥമ ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച ശുപാർശകൾ താഴെപ്പറയുന്നവയാണ് :

1. കൃഷി, മത്സ്യബന്ധനം, വനം, ടൂറിസം, ഊർജ്ജം, ഖനനം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ ഉല്പാദനമേഖലകളുമായി ബന്ധപ്പെട്ട നയപരിപാടികൾ, ജൈവവൈവിധ്യ സംരക്ഷണവും അവയുടെ സുസ്ഥിര ഉപയോഗവും സംബന്ധിക്കുന്ന പ്രസക്ത കർമ്മ പദ്ധതികളുമായി സംയോജിപ്പിച്ച് പുനരാവിഷ്ക്കരിക്കുക. ഇതിലേക്കായി ദേശീയ ജൈവവൈവിധ്യ തന്ത്ര-കർമ്മ പദ്ധതികളുടെ അന്തിമ സാങ്കേതിക റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള കർമ്മ പദ്ധതികൾ ഇതിനുവേണ്ട നിർദ്ദേശങ്ങളായി പരിഗണിക്കാവുന്നതാണ്.

2. സർക്കാരിന്റെ പദ്ധതി നടത്തിപ്പിൽ സുസ്ഥിര വികസനം എന്ന ആശയം ഉൾക്കൊള്ളിക്കുന്നതാണെന്ന് അവകാശപ്പെടുന്നത് കണക്കിലെടുത്ത്, വികസനത്തിന്റെ കേന്ദ്ര ബിന്ദുവായി ജൈവവൈവിധ്യ സംരക്ഷണവും അനുബന്ധ ജീവനോപാധികളും ഉൾക്കൊള്ളിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ജൈവവൈവിധ്യ ശോഷണം, നിയന്ത്രിക്കുന്നതിനായി, വന്യമേഖലകളും, മനുഷ്യ സ്പർശമേൽക്കുന്ന മറ്റ് മേഖലകളും അതാത് പ്രദേശത്തിനനുയോജ്യമായതും പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെയുള്ളതുമായ മാനേജ്മെന്റ് പദ്ധതികൾ നടപ്പിലാക്കി സംരക്ഷിക്കാൻ ശുപാർശ ചെയ്യുന്നു.

3. ദേശീയ വികസന പദ്ധതികളിൽ (ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും പാരിസ്ഥിതിക ആഘാത നിർണ്ണയത്തിലുമുൾപ്പെടെ) കാർഷിക-ജൈവവൈവിധ്യ പരിപാലനത്തിന്റെ പ്രാധാന്യവും പ്രയോജനവും അംഗീകരിക്കുക. ഇതിനായി ഗ്രാമവികസനം, ഭക്ഷ്യസുരക്ഷ, ദാരിദ്ര്യ നിർമ്മാർജ്ജനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സർക്കാർ വകുപ്പുകളുടെ സമീപനങ്ങൾ സംയോജിപ്പിക്കേണ്ടത് ആവശ്യമാണ്.

(ബി) ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഭാഗമായി സംഘടിപ്പിച്ച സിവിൽ സൊസൈറ്റി സംഗമത്തിലാണ് ഇതുസംബന്ധിച്ച താഴെപ്പറയുന്ന ശുപാർശ ഉണ്ടായത് :

1. നിലവിലുള്ള ജൈവവൈവിധ്യ നിയമത്തിലെ വാണിജ്യാടിസ്ഥാനത്തിലുള്ള നിയന്ത്രണങ്ങൾക്കും ക്രയവിക്രയങ്ങൾക്കും ഉപരിയായി, ജൈവവൈവിധ്യ സംരക്ഷണവും അതിനായി പൊതുസമൂഹത്തെ ശാക്തീകരിക്കുന്നതും മുഖ്യ വിഷയമാക്കി, അടിയന്തര ഭേദഗതികൾ നിയമത്തിൽ നടപ്പാക്കണം.

2. താഴ്ന്നതലങ്ങളിൽ ഉള്ള പ്രാദേശിക സമൂഹത്തെ കേന്ദ്ര ബിന്ദുവാക്കിയും ഗ്രാമസഭകൾ, ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ സംരക്ഷണ നടപടികളിൽ പ്രാമുഖ്യം നൽകിയും ജൈവവൈവിധ്യ സംരക്ഷണത്തിനും അതിന്റെ സുസ്ഥിര ഉപയോഗത്തിനും അവയെ ശാക്തീകരിക്കുകയും ചെയ്യുന്ന രീതിയിൽ നിർദ്ദിഷ്ട നിയമത്തിൽ വ്യവസ്ഥ ഉണ്ടാക്കണം.

1320/15

LIBRARY ARCHIVES Kerala Legislative Assembly

3. പരമ്പരാഗത അറിവുകൾക്ക്മേൽ ബൗദ്ധിക സ്വത്തവകാശം അനുവദിക്കാവുന്നതല്ല. പൊതുസമൂഹവുമായി പര്യാലോചിച്ച്, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകൾ സംരക്ഷിക്കാനുതകുന്ന ഒരു നിയമനിർമ്മാണം നടത്തണം.

(സി) തീരദേശ നിയന്ത്രണ റഗുലേഷൻ പ്രകാരം, പരമ്പരാഗത മത്സ്യബന്ധന വിഭാഗക്കാർക്ക് വേണ്ടി വരുന്ന ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴികെ, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ-പ്രത്യേകിച്ച് ടൂറിസം, വ്യവസായങ്ങൾ അനുവദിക്കരുത്. തീരപ്രദേശങ്ങളിലും കടലിലും പരമ്പരാഗത മത്സ്യബന്ധന വിഭാഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാനും അവർക്ക് അവ പ്രയോജനപ്പെടുത്തുന്നതിനും വാസഗൃഹങ്ങൾ ഉണ്ടാക്കുന്നതിനും അനുവദിക്കുന്ന, വനാവകാശ നിയമം പോലെയുള്ള ഒരു പരമ്പരാഗത മത്സ്യബന്ധന വിഭാഗ അവകാശ (തീരദേശവും ഉൾനാടും) നിയമം പാസ്സാക്കണം.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

മൊബൈൽ ഫോണിൽനിന്നും ടവറുകളിൽ നിന്നുമുള്ള വികിരണങ്ങൾമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ

7 (2458) ശ്രീ. എൻ. രാജൻ :
ശ്രീ. ബാബു പോൾ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ഫോണിൽനിന്നും ടവറുകളിൽ നിന്നുമുള്ള വികിരണങ്ങൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതായി വിവിധ കേന്ദ്ര മന്ത്രാലയങ്ങൾ നിയോഗിച്ച ഉന്നതതല സമിതികൾ കണ്ടെത്തിയിരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇൻഡ്യയിലെ സാഹചര്യങ്ങൾക്കനുസരിച്ച് വികിരണങ്ങൾ സംബന്ധിച്ച നയങ്ങളിൽ മാറ്റം വരുത്തണമെന്ന നിർദ്ദേശമുണ്ടായിട്ടുള്ളതായി അറിയാമോ ;

(സി) വികിരണങ്ങളുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ-സി) മൊബൈൽ ടവറുകൾ സ്ഥാപിക്കാൻ അനുമതി നൽകുന്നതും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരിന് ഇവയുടെമേൽ നിയന്ത്രണങ്ങൾ ഒന്നും തന്നെ ഇല്ല. മൊബൈൽ ടവറിൽനിന്നും ഫോണിൽ നിന്നുമുള്ള വികിരണങ്ങൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച വിഷയവും കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെടുന്നതാണ്. എന്നിരുന്നാൽ തന്നെയും ഈ വിഷയം ഇതിനോടകം കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly